പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5781** 02-07-2019-ലെ മറുപടി

## ജലദൗർലഭ്യം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഐ.ബി. സതീഷ്**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ. കെ. ബാബു**<br>**ശ്രീ. ബി.ഡി. ദേവസ്സി** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ജലസേചനത്തിനുംഗാർഹികാവശ്യത്തിനുമായി, സംസ്ഥാനത്തെ വിവിധ ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിന് എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | കുളങ്ങൾ,തടാകങ്ങൾ,റിസർവ്വോയറുകൾ ഇവയിലെ ജലത്തിന്റെ ആകെ സംഭരണശേഷിയും ആവശ്യവും തമ്മിൽ തുലനം ചെയ്തുകൊണ്ടുള്ള പഠനം നടത്തിയിട്ടില്ല. |
| (ബി) | ജല ലഭ്യത, ഉപയോഗം, ഭാവിയിലെ ആവശ്യകത എന്നിവ ഉൾപ്പെടുത്തി ദീർഘവീക്ഷണത്തോടു കൂടി ജല ഉപയോഗം ക്രമപ്പെടുത്തുന്നതിനും ജലദൗർലഭ്യം പരിഹരിക്കുന്നതിനും കഴിയത്തക്കവിധം ഒരു ജനകീയ ജല ബഡ്ജറ്റ് തയ്യാറാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; | (ബി) | ഉണ്ട്.നിലവിൽ തയ്യാറാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തുതല നീർത്തട പ്ലാനുകളിൽ ജല ബഡ്ജറ്റ് കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കു ന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനത്തിൽ ജലസ്രോതസ്സുകളിൽ ലഭ്യമായ ജലത്തിന്റെ അളവ് പ്രാദേശികമായി വിവിധ ആവശ്യങ്ങൾക്കുള്ള വെള്ളത്തിന്റെ ആവശ്യകത എന്നിവ പാലിച്ച് ജലബഡ്ജറ്റ് തയ്യാറാക്കുന്നതിന് ഹരിതകേരളം മിഷൻ വിവിധ വകുപ്പു കളുമായി ചേർന്ന് ആലോചിക്കുന്നുണ്ട്. |
| (സി) | ജലവിഭവ വികസന-വിനിയോഗ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാന സർക്കാറിന്റെ ശാസ്ത്രസാങ്കേതിക നയത്തിന്റെ ഭാഗമായി 1978 ൽ സ്ഥാപിതമായ ഗവേഷണ സ്ഥാപനമാണ് ജലവിഭവ വികസന വിനിയോഗ കേന്ദ്രം.. .ജലവിഭവ വികസനം കാര്യക്ഷമമായ ജലവിനിയോഗം ജലഗുണനിലവാരം ഉറപ്പുവരുത്തൽ എന്നീ പ്രവർത്തികളിലൂടെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയെന്നതാണ് സ്ഥാപനത്തിന്റെ കാതലായ ലക്ഷ്യം. ഉപരിതല ജലം ഭൂഗർഭ |

| | | | |
|---|---|---|---|
| | | | ജലം ,കാർഷിക ജലപരിപാലനം,ജലഗുണനിലവാരം കാലാവസ്ഥാ പരിസ്ഥിതി പഠനം,ഐസോട്ടോപ്പ് ഹൈഡ്രോളജി തുടങ്ങിയ ഗവേഷണ മേഖലകളിൽ 9 ശാസ്ത്രവിഭാഗങ്ങളിലായി സി.ഡബ്ല്യു.ആർ.ഡി.എം പ്രവർത്തിക്കുന്നു.കൂടാതെ ജലവിഭവ മേഖലയിലെ സർക്കാർ ജീവനക്കാർക്കും മറ്റ് പാരിസ്ഥിതികപ്രവർത്തകർക്കും കർഷകർക്കുമുള്ള പരിശീലനപരിപാടികളും ഇവിടെ നടന്നുവരുന്നു. ഇൻഡ്യക്കകത്തും പുറത്തുമുള്ള വിവിധ സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾക്ക് ജലസംബന്ധമായ വിഷയങ്ങളിൽ ഗവേഷണ സൗകര്യവും സി.ഡബ്ല്യു.ആർ.ഡി.എം ഒരുക്കുന്നു. .ജലവിഭവമേഖലയിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും കർഷകർക്കും പരിശീലനം നൽകുന്നതിനായി കേരളത്തിന്റെ വാട്ടർആന്റ് ലാന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ 1988 മുതൽ സി.ഡബ്ല്യു.ആർ.ഡി.എം പ്രവർത്തിച്ചുവരുന്നു. ജലവിഭവ വികസനവിനിയോഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധോപദേശം നൽകുന്ന ഒരു സ്ഥാപനമായും സി.ഡബ്ല്യു.ആർ.ഡി.എം പ്രവർത്തിക്കുന്നു.വർഷം തോറും ആയിരക്കണക്കിനു സന്ദർശകരെ ആകർഷിക്കുന്ന ജലപൈതൃകമ്യൂസിയവും സ്ഥാപനത്തിന്റെ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്നു. |
| (ഡി) | ജലദൗർലഭ്യം പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കമോ? | (ഡി) | മഴക്കാലം കഴിഞ്ഞാൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. ഇത് മറികടക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി മഴവെള്ളം പരമാവധി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം പുഴകളിലും ചെറുതോടുകളിലും തടയണകളും റഗുലേറ്ററുകളും നിർമ്മിച്ച് ജലസംഭരണവും ഭൂജലപോഷണവും നടത്തുന്ന പ്രവർത്തനങ്ങളും നിർവ്വഹിച്ചുവരുന്നു. ഇതോടൊപ്പം ജലഉപയോഗകാര്യക്ഷമത വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സുസ്ഥിര ഭൂജല പരിപാലനത്തിനായി കൃത്രിമ ഭൂജല സംപോഷണ |

| | | | |
|---|---|---|---|
| | | | പ്രവർത്തികളും നടപ്പിലാക്കിവരുന്നു. 2019-20 സാമ്പത്തിക വർഷം ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതിയിൽ 450 ലക്ഷം രൂപകൃത്രിമ ഭൂജലസംപോഷണ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. 315 വിവിധ പദ്ധതികൾ ജില്ലകളിൽ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ജലനിധി പദ്ധതിയുടെഭാഗമായി നദികളിൽ റെഗുലേറ്റർ1,ചെക്ക് ഡാം 184,വെൻറഡ് ക്രോസ്സ് ബാർ44, ഭൂമിയുടെ അടിയിലെ തടയണ 12,പുരപ്പുറ കിണർ പരിപോഷണം 1478, കൊണ്ടൂർബണ്ട് 31, കുളം സംരക്ഷണം 6, എന്നിവ സ്ഥാപിച്ച് ഭൂജലപരിപോഷണം നടത്തുന്നു. മഴകേന്ദ്രം വഴി പുരപ്പുറം മഴവെള്ള സംഭരണികളും വ്യക്തിഗത കിണർപരിപോഷണ പദ്ധതികളും നടപ്പിലാക്കി വരുന്നു.ജലനിധിയുടെ ഭാഗമായ മഴകേന്ദ്രം പ്ലാൻസ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം ഭൂജലപരിപോഷണം പരിപാടിയിലെ 2 സുപ്രധാന പദ്ധതികളാണ് കിണർ റീചാർജ്ജിങ്ങും മഴവെള്ള കൊയ്ത്തും. 2019-20 സാമ്പത്തികവർഷം സംസ്ഥാനത്തെ 6 ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിൽ മഴവെള്ളം സംഭരിച്ചുള്ള കിണർ റീചാർജ്ജ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.മഴക്കൊയ്ത്തു പദ്ധതിയുടെ ഭാഗമായി 7 ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിൽ 1000 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ സഹായകരമായ സംഭരണികൾ നിർമ്മിക്കുവാൻ ജലനിധി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരത്തിലെ ഏതാനും സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും വലിയതോതിൽ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനും ഭൂഗർഭ ജലപരിപോഷണത്തിനും സഹായകരമായ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. വിവിധ ജലസേചനപദ്ധതികളുടെ അണക്കെട്ടുകളിൽ അവയുടെ സംഭരണശേഷിക്കനുസൃതമായി ജലം സംഭരിച്ചുവരുന്നുണ്ട്.കൂടാതെ ജലനഷ്ടം |

| | | | |
|---|---|---|---|
| | | | കുറയ്ക്കാനും ജലസേചനത്തിന് കൂടുതൽ ഭാഗങ്ങളിലേക്ക് ജലം എത്തിക്കുവാനുമായി ബജറ്റിൽ വകയിരുത്തിയ തുക ഉപയോഗപ്പെടുത്തി കനാൽ അറ്റകുററപ്പണികൾ നടത്തുകയും പ്രളയത്തിൽ തകർന്ന കനാൽ ഭാഗങ്ങൾ നേരെയാക്കുന്നതിനായി SDRF ൽ ഉൾപ്പെടുത്തി പ്രവർത്തികൾ ഏറ്റെടുക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജലവിഭവ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രാദേശിക ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും സംരക്ഷണവും നീർത്തടാടിസ്ഥാനത്തിൽ നടന്നുവരുന്നു. ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർത്തടപ്ലാനുകൾ തയ്യാറാക്കുന്നുണ്ട്. ഇതുകൂടാതെ നദീ പുനരുജ്ജീവനവും പാറമടകൾപോലെയുള്ള സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രവർത്തനവും നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**